പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1313 | 30.9.2011-ൽ മറുപടിയ്ക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. ശിവദാസൻ നായർ<br>,, എം. എ. വാഹിദ്<br>,, പി. സി. വിഷ്ണുനാഥ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണ കാലത്ത് കേന്ദ്ര ഫണ്ടുകൾ നേടിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാനം ഏറെ പിന്നിലായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (ബി) കേന്ദ്ര സഹായം കൂടുതലായി നേടിയെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ്.<br><br>(1) പദ്ധതികളുടെ നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനും ഭൗതിക സാമ്പത്തിക ലക്ഷ്യങ്ങൾ സമയബന്ധിതമായി നേടുന്നതിനും നടപടിസ്വീകരിച്ചിട്ടുണ്ട്.<br>(2) കേന്ദ്രാവിഷ്കൃത ഗ്രാമവികസനപദ്ധതികളുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ കേരളത്തെ പ്രതികൂലമായി ബാധിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br>(3) പ്രധാനപ്പെട്ട കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികളുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിയ്ക്കുകയുംചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാനദണ്ഡങ്ങളിൽ സംസ്ഥാനത്തിന്റെ ആവശ്യമനുസരിച്ച് കഴിയാവുന്നത്ര മാറ്റങ്ങൾ വരുത്തണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ; | (സി) | അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നു ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | കേന്ദ്രാവിഷ്കൃത ഗ്രാമവികസനപദ്ധതികളുടെ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ തീരുമാനം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ